ദീർഘകാല അവധിയിൽ പോയിട്ടുള്ള ഐ. എ. എസ്.-കാർ

11. [11] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിലെ ഏതെല്ലാം ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരാണ് ദീർഘകാല അവധിയിൽ പോയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥന്മാരെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇവരിൽ പലരും സ്വകാര്യ ബിസിനസ്സ് സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാന സർവ്വീസിലെ താഴെ പറയുന്ന ഐ. എ. എസ്. ഉദ്യോഗസ്ഥന്മാർ ആറുമാസമോ അതിലധികമോ കാലയളവിലേക്ക് ദീർഘകാല അവധിയിലാണ്.

1. ശ്രീ. ഉജാഗർ സിങ്ങ്
2. ശ്രീ. ജി. ഏലിയാസ്
3. ഡോ. കെ. എം. എബ്രഹാം
4. ശ്രീമതി കെ. ബി. വത്സല കുമാരി
5. ശ്രീ. രാജീവ് സദാനന്ദൻ
6. ശ്രീ. അജയ്കുമാർ
7. ശ്രീമതി ശാരദ മുരളീധരൻ
8. ഡോ. വേണു
9. ശ്രീ. സഞ്ജീവ് കൗശിക്
10. ശ്രീമതി ടിങ്കു ബിസ്വാൾ

(ബി, സി) ഇവരിലാരുംതന്നെ എന്തെങ്കിലും സ്വകാര്യ ബിസിനസ്സ് സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ സർക്കാർ അന്വേഷണം നടത്തിയിട്ടില്ല.

സംസ്ഥാന സർവ്വീസിലെ ഐ. എ. എസ്. ഉദ്യോഗസ്ഥർ

12. [12] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എത്ര ഐ. എ. എസ്. ഉദ്യോഗസ്ഥർ സംസ്ഥാന സർവ്വീസിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly